**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - എക്സൈസ് - ഭരണപരം - പാലക്കാട്, എറണാകുളം ജില്ലകളിലെ വയർലസ് ഉപകരണങ്ങളുടെ നിലവിലുള്ള തകരാറുകൾ പരിഹരിക്കുന്നതിനായി തുക ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി(എഫ് )വകുപ്പ്**

**സ.ഉ.(സാധാ) നം.632/2025/TAXES** **തീയതി,തിരുവനന്തപുരം, 04-07-2025**

പരാമർശം:- 1. 13.02.2024-ലെ സ.ഉ.(സാധാ)നം.132/2024/ TAXES.
2. എക്സൈസ് കമ്മീഷണറുടെ 01.03.2025-ലെ ഇ.എക്സ്.സി/2261/2017-എക്സ്.ജി1.എ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എറണാകുളം, പാലക്കാട് ഡിവിഷനുകളിലെ ഡിജിറ്റൽ വയർലസ് സിസ്റ്റത്തിന്റെ വാറന്റി കാലാവധി കഴിഞ്ഞതിനാൽ 25,00,573/-രൂപ ചെലവിൽ വാർഷിക മെയിന്റനൻസ് കരാറിൽ ഏർപ്പെടുന്നതിന് പരാമർശം (1)പ്രകാരം ഭരണാനുമതി നല്കിയിരുന്നു.

**2)** വാർഷിക മെയിന്റനൻസ് കരാർ ആരംഭിക്കുന്നതിനു മുന്നോടിയായി എറണാകുളം, പാലക്കാട് ഡിവിഷനുകളിലെ ഡിജിറ്റൽ വയർലസ് സിസ്റ്റത്തിന്റെ പ്രവർത്തനക്ഷമത സംബന്ധിച്ച് ശീതൾ വയർലെസ് സിസ്റ്റം നടത്തിയ പരിശോധനയിൽ വിവിധ ഉപകരണങ്ങൾക്ക് കേടുപാടുകൾ ഉള്ളതായി കണ്ടെത്തുകയും, ടി ജില്ലകളിലെ വയർലസ് ഉപകരണങ്ങളുടെ നിലവിലുള്ള തകരാറുകളുടെ ഒറ്റത്തവണ തീർപ്പാക്കലിനായി ശീതൾ വയർലസ് സിസ്റ്റം എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളതുമാണെന്നും, ശീതൾ വയർലസ് സിസ്റ്റം റിപ്പോർട്ട് ചെയ്ത തകരാറുകളിന്മേൽ പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തെക്കൊണ്ട് പരിശോധന നടത്തി പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണെന്നും, അതിന്മേൽ കെൽട്രോൺ ടി ജില്ലകളിലെ വയർലസ് ഉപകരണങ്ങളുടെ നിലവിലുള്ള തകരാറുകളുടെ ഒറ്റത്തവണ തീർപ്പാക്കലിനായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളതുമാണെന്നും, പാലക്കാട്, എറണാകുളം ജില്ലകളിലെ വയർലസ് ഉപകരണങ്ങളുടെ നിലവിലുള്ള തകരാറുകളുടെ ഒറ്റത്തവണ തീർപ്പാക്കലിനായി ഏകദേശം 13 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്നും അതിനാൽ, ടി തകരാറുകൾ പരിഹരിക്കുന്നതിനായി 13 ലക്ഷം രൂപ എസ്റ്റിമേറ്റ് കണക്കാക്കി GeM ബിഡ്/e-Tender ചെയ്യുന്നതിനും, ടി തുക വകുപ്പിന്റെ ആധുനികവത്കരണത്തിനുള്ള പദ്ധതിയേതര ഇനത്തിലുള്ള വിഹിതത്തിൽനിന്നും [2039-00-001-94-34-3(NV)]

ചെലവഴിക്കുന്നതിനുമുള്ള ഭരണാനുമതി നൽകുന്നതിനായി പരാമർശം (2) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

**3)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട്, എറണാകുളം ജില്ലകളിലെ വയർലസ് ഉപകരണങ്ങളുടെ നിലവിലുള്ള തകരാറുകൾ പരിഹരിക്കുന്നതിനായി നടപ്പ് സാമ്പത്തികവർഷത്തെ 2039-00-001-94-34-3(NV) ശീർഷകത്തിൽനിന്നും 13,00,000/- രൂപയുടെ(പതിമൂന്ന് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ് -ഇ.ആർ.എസ്.എ.) കേരളം, തിരുവനന്തപുരം.
3. ധനകാര്യ വകുപ്പ്(No.2364706/EXP-B1/97/2023-FIN dated 23.06.2025 പ്രകാരം).
4. വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി(TAXES-F3/174/2025/TAXES)

ഉത്തരവിൻ പ്രകാരം

Signed by
Hemalatha Das
സെക്ഷൻ ഓഫീസർ
Date: 04-07-2025 16:33:57